**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **31-01-2024 - ൽ മറുപടിയ്ക്ക്**

**കേരള പൂരക്കളി അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തികവർഷത്തെ സംസ്ഥാന ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തുന്നതിന് കേരള പൂരക്കളി അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനത്തിന് ഇതേവരെ എത്ര രൂപയാണ് അനുവദിച്ചത്; അത് വർഷം തിരിച്ച് ഏത് ഇനത്തിലാണ് എന്നും വിശദമാക്കാമോ? | (സി) | കേരള പൂരക്കളി അക്കാദമിയ്ക്ക് 2019-20 സാമ്പത്തികവർഷത്തിൽ 3,00,000/- രൂപ പദ്ധതി ശീർഷകത്തിൽ അനാവർത്തന ഗ്രാന്റായും 2020-21 സാമ്പത്തിക വർഷത്തിൽ 25,00,000/- രൂപ പദ്ധതിയേതര ശീർഷകത്തിൽ സ്പെഷ്യൽ ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ